DESPATCHED
19/06/2020

05/03/2020.

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2502*(2)/2013*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *17110/എസ്.ഐ.സി-ജി 6/15*
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീമതി ലൂസി സക്കറിയ,<br>ഹൊറേബ് 3, പേരിശ്ശേരി,<br>പുലിയൂർ – 689 126. | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>വില്ലേജ് ഓഫീസർ,<br>പുലിയൂർ വില്ലേജ് ഓഫീസ്,<br>ചെങ്ങന്നൂർ, ആലപ്പുഴ.<br><br>2. അപ്പീൽ അധികാരി&<br>അഡീഷണൽ തഹസിൽദാർ,<br>താലൂക്ക് ഓഫീസ്, ചെങ്ങന്നൂർ. | എതിർകക്ഷികൾ |

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ ടി ഓഫീസിൽ വെള്ളം കയറി ഓഫീസിലെ വൈദ്യുത കണക്ഷനും ഉപകരണങ്ങളും കംപ്യൂട്ടർ, പ്രിന്റർ എന്നിവയും നല്ലൊരു ശതമാനം ഫയലും റിക്കാർഡുകളും നശിക്കുകയും ഓഫീസ് കെട്ടിടം ഭാഗീകമായി തകരുകയും ചുറ്റുമതിൽ പൂർണ്ണമായി തകരുകയും ചെയ്തിരുന്നുവെന്നും ഹർജിക്കാരിയെ നേരിൽ കാണുവാൻ ശ്രമിച്ചെങ്കിലും ടിയാൾ ഇപ്പോൾ തിരുവനന്തപുരത്ത് താൽക്കാലികമായി താമസമാകയാൽ സാധിച്ചില്ലെന്നും ടെലഫോണിൽ ബന്ധപ്പെട്ടപ്പോൾ ടിയാൾക്ക്

ആവശ്യമുള്ള വിവരങ്ങൾ ഓഫീസിൽ ലഭ്യമായതാണെങ്കിൽ ആയത് നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നും ടിയാൾ തിരികെയെത്തുന്ന ദിവസം ഓഫീസിൽ ഹാജരാകാമെന്നു ടിയാൾ പറയുകയും ആയത് മുൻകൂട്ടി അറിയിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരന്റെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 26.11.2019ൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരിയ്ക്കു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൾ ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. ഒന്നാം എതിർകക്ഷി ഹർജിക്കാരിയ്ക്ക് മറുപടി നൽകിയതായി അറിയിക്കുകയും ചെയ്തു. ആയതുപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2020 മാർച്ച് 05–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/